ഉത്തരം

(എ) ന്യൂഡൽഹി ആസ്ഥാനമാക്കിയുള്ള ദേശീയ സഹകരണ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ദേശീയ പിന്നോക്ക വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായത്തോടെ സംയോജിത മത്സ്യബന്ധന വികസന പദ്ധതികൾ മത്സ്യഫെഡ് മുഖാന്തിരം നടപ്പിലാക്കിവരുന്നു.

(ബി ആന്റ് സി) 2002-03 വർഷത്തിൽ ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതിയുടെ നടത്തിപ്പിനായി സർക്കാരിൽ നിന്നും 2517.25 ലക്ഷം രൂപ മത്സ്യഫെഡിന് ലഭ്യമാക്കിയിട്ടുണ്ട്. ഈ തുക പദ്ധതിയുടെ വിവിധ ഘടകങ്ങളായ മത്സ്യബന്ധന ഉപകരണ വിതരണം, മത്സ്യബന്ധന ഉപകരണ സുരക്ഷാ സ്കീം, മത്സ്യ വിപണനം, പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് ഗോഡൗൺ/ഓഫീസ് നിർമ്മിക്കുന്നതിന് ധനസഹായം, വിജ്ഞാന വ്യാപനം, ട്രെയിനിംഗ് മുതലായവയ്ക്കായി ചിലവഴിച്ചിട്ടുണ്ട്. കൂടാതെ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ/ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ കോർപ്പറേഷൻ എന്നിവയിൽ നിന്നുള്ള ധനസഹായത്തോടെ 7.82 ലക്ഷം രൂപയുടെ മത്സ്യബന്ധന ഉപകരണങ്ങൾ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി

87 [244] ശ്രീ. എൻ. ശക്തൻ:
„ സി. പി. മുഹമ്മദ്:
„ ഡൊമിനിക് പ്രസന്റേഷൻ:
„ കെ. എ. ചന്ദ്രൻ:
„ തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി നദികളിലും കായലുകളിലും മത്സ്യക്കുഞ്ഞുങ്ങളെ വിന്യസിപ്പിക്കുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഇനത്തിൽപ്പെടുന്ന മത്സ്യക്കുഞ്ഞുങ്ങളെയാണ് ഇപ്രകാരം വിന്യസിക്കുന്നത് എന്നു വ്യക്തമാക്കുമോ;

(സി) ഇതുമൂലം മത്സ്യത്തിന്റെ ലഭ്യത എത്ര കണ്ട് വർദ്ധിപ്പിക്കാമെന്നാണ് കണക്കാക്കുന്നത് എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കട്ല, റോഗു, മൃഗാൽ, സിപ്രിനസ് എന്നീ വളർത്തു മത്സ്യങ്ങളുടെ കുഞ്ഞുങ്ങളുടേയും കാര, നാരൻ ചെമ്മീനുകളുടേയും വിത്തുകളാണ് വിനൃസിക്കുന്നത്.

(സി) മത്സ്യ സമ്പത്തിന്റെ ലഭ്യതയിൽ 5% വർദ്ധനവാണ് ഇത്തരം പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

വേമ്പനാട്ടുകായലിലെ മത്സ്യസങ്കേതം സംരക്ഷിക്കാൻ നടപടി

88 [245] ശ്രീ. തോമസ് ചാഴികാടൻ:
" കെ. നാരായണക്കുറുപ്പ്:
" റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്ട് കായലിലെ മത്സ്യസങ്കേതം പോള നിറഞ്ഞ് നശിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഈ മത്സ്യസങ്കേതത്തിൽനിന്ന് അനധികൃതമായി മത്സ്യം പിടിക്കുന്നത് തടഞ്ഞ് മത്സ്യസങ്കേതത്തെ സംരക്ഷിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വേമ്പനാട്ടു കായലിൽ കുളപ്പായൽ തിങ്ങി നിറഞ്ഞത് പരിഹരിക്കേണ്ടതിലേക്കായി ഫിഷറീസ് വകുപ്പിൽ നിന്നും ഒരു പദ്ധതി തയ്യാറാക്കി എറണാകുളം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരിക്കുകയാണ്. പ്രധാന ബോട്ടുറൂട്ടുകളിലേയും കായലുകളിലേയും പായൽ നീക്കുന്നതിന് ജലസേചന വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) കായൽ പെട്രോളിംഗ് നടത്തി അടിയന്തിര നടപടികൾ കൈക്കൊള്ളാൻ എറണാകുളം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് വേണ്ട നിർദ്ദേശവും 30,000 രൂപയുടെ ഫണ്ടും അനുവദിച്ചു നൽകിയിട്ടുണ്ട്. അതനുസരിച്ച് എറണാകുളം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ തക്കതായ നടപടികൾ എടുത്തുവരുന്നുണ്ട്.